ടെലിഫോൺ നമ്പർ : 2512524
പോസ്റ്റ് ബോക്സ് നമ്പർ : 5430
ഫാക്സ് : 0471-2305891
പിൻ കോഡ് - 695 033

ഇ-മെയിൽ: secretary@niyamasabha.nic.in

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

KLS/5323/2026-KLAMPS (PS) A3 (Volume-IV)

തിരുവനന്തപുരം
17.10.2026

**ഷോർട്ട് ക്വട്ടേഷൻ നോട്ടീസ്**

2026 നവംബർ 3, 4 തീയതികളിൽ നിയമസഭാ സമുച്ചയത്തിൽ വച്ച് സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ള പി. എ. സി. ചെയർപേഴ്സൺമാരുടെ ദേശീയ സമ്മേളനത്തിന്റെ ആവശ്യത്തിനായി ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന സ്പെസിഫിക്കേഷൻ പ്രകാരമുള്ളതും ഗുണനിലവാരമുള്ളതുമായ ബാഡ്ജുകൾ, lanyard കൾ (800 എണ്ണം വീതം) അച്ചടിച്ച് ലഭ്യമാക്കുന്നതിന് താൽപര്യമുള്ള വ്യക്തികൾ, സ്ഥാപനങ്ങളിൽ നിന്നും ഷോർട്ട് ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. Lanyard കൾ നാലോ അതിലധികമോ നിറങ്ങളിൽ, ഇരുവശത്തും Multi Colour Digital പ്രിന്റിംഗോട് കൂടി ലഭ്യമാക്കേണ്ടതാണ്. ബാഡ്ജുകളുടെ ഇരുവശത്തും നിയമസഭാ സെക്രട്ടേറിയറ്റ് നൽകുന്ന വിവരങ്ങൾ അച്ചടിക്കേണ്ടതാണ്.

മുദ്ര വച്ച ക്വട്ടേഷനുകൾ **23.10.2026** വെള്ളിയാഴ്ച രാവിലെ 11.00 മണിക്ക് മുമ്പായി അഡീഷണൽ സെക്രട്ടറി I, റൂം നം. 835, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-33 എന്ന വിലാസത്തിൽ എത്തിക്കേണ്ടതാണ്. ക്വട്ടേഷനുകൾ അന്നേ ദിവസം രാവിലെ 11.30 മണിക്ക് ക്വട്ടേഷനിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങളുടെ പ്രതിനിധികളുടെ സാന്നിധ്യത്തിൽ തുറക്കുന്നതാണ്. ക്വട്ടേഷനുകൾ തുറന്നുപരിശോധിക്കേണ്ട ദിവസം അവധി ആകുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം അത് തുറന്നു പരിശോധിക്കുന്നതാണ്. ബാഡ്ജുകൾ, പൗച്ചുകൾ, lanyard കൾ എന്നിവ ലഭ്യമാക്കുന്നതിന് ആവശ്യമായ പരമാവധി സമയം ക്വട്ടേഷനിൽ സൂചിപ്പിക്കേണ്ടതാണ്. ക്വട്ടേഷൻ ഉള്ളടക്കം ചെയ്യുന്ന കവറിന് പുറത്ത് **പി. എ. സി. ചെയർപേഴ്സൺമാരുടെ ദേശീയ സമ്മേളനത്തിന്റെ ആവശ്യത്തിനായി അച്ചടിക്കുന്ന ബാഡ്ജുകൾ, lanyard കൾ എന്നിവ ലഭ്യമാക്കുന്നതിനുള്ള ക്വട്ടേഷൻ'** എന്ന് രേഖപ്പെടുത്തേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കാത്ത ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല. ക്വാട്ട് ചെയ്യുന്ന റേറ്റ് എല്ലാ ചെലവുകളും നികുതികളും ഉൾപ്പെടെ ആയിരിക്കേണ്ടതും ലഭ്യമാക്കാൻ ഉദ്ദേശിക്കുന്ന ബാഡ്ജുകൾ, lanyard കൾ എന്നിവയുടെ മാതൃക ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതുമാണ്. ക്വട്ടേഷനുകൾ സ്വീകരിക്കുന്നതിനോ യാതൊരു കാരണവും വ്യക്തമാക്കാതെ നിരസിക്കുന്നതിനോ നിയമസഭാ സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

ത്രിദീപ് കെ. ജി.,
അഡീഷണൽ സെക്രട്ടറി & കൺവീനർ,
മീഡിയ & പബ്ലിസിറ്റി കമ്മിറ്റി.

<u>പകർപ്പ്</u>

1) നോട്ടീസ് ബോർഡ്, നിയമസഭാ കോംപ്ലക്സ്

2) നോട്ടീസ ബോർഡ്, എം. എൽ. എ. ഹോസ്റ്റൽ

3) വിവിധ സ്ഥാപനങ്ങൾ.

# Specification

ID Rope (16mm) with Multi Colour Double Side Printing and Multi colour Print on both sides of PVC Card. (14x10 cm)